കഥ

# സ്നേഹലത

വിജയകുമാർ കളരിക്കൽ

അയാൾക്ക് വേട്ടയാടപ്പെടുന്നവന്റെ മുഖമാണ്. കണ്ണുകൾക്ക് ലേശം ചുവപ്പ് നിറമാണ്. മൂന്നോ നാലോ ദിവസമായി ഷേവ് ചെയ്തിട്ടില്ല. ചെമ്പിച്ച മുടി. മുഷിഞ്ഞ വസ്ത്രം.

പ്രഭാതത്തിന് നല്ല തണുപ്പാണ്. മകര പിറവിക്ക് ദിവസങ്ങളേയുള്ളു. പിറവി കാണാൻ ഒരുമ്പെടുന്ന അയ്യപ്പഭക്തരുടെ ശരണം വിളികൾ യാത്ര യിൽ പലയിടത്തും അയാൾ കേട്ടത് ഒർമ്മിച്ചു.

ഈ വഴിയിലൂടെ അയാൾ ആദ്യമാണ്.

കറുത്ത വാഗ്നർ കഴുകിയിട്ട് മൂന്നു നാലു ദിവസമായിരിക്കുന്നു. പ റമാകെ പൊടിപിടിച്ച്, മഞ്ഞുതുള്ളികൾ വീണിടത്ത് കട്ടപിടിച്ച്......

ഒരു നാൽക്കവലയാണത്.

നാലു വഴികളും ടാർ ചെയ്തതാണ്. കവലയിൽ അധികം കടകളില്ല. ഒരു ചായക്കടയൊഴിച്ച് മറ്റൊന്നും തുറന്നിട്ടുമില്ല.

അയാൾ കാർ നിർത്തിയത് ചായക്കടയുടെ മുമ്പിൽ തന്നെയാണ്. കടയിൽ നാലോ അഞ്ചോ പേർ, ആരും അയാളെ ശ്രദ്ധിക്കാതെ ചായ ന ുകർന്നും, ദിനപത്രം നുണഞ്ഞും......

അയാൾ കടക്കാരനോട് വിലാസം തിരക്കി. കടക്കാരൻ കുറെ ആലോ ചിച്ച ശേഷം ഒരു മറു ചോദ്യമുന്നയിച്ചു. ആ മറു ചോദ്യത്തിന് ഉത്തരം കൊടുക്കാൻ അയാൾക്കായില്ല. അറിവില്ലായിരിക്കാം. എങ്കിലും വിലാസം ഉദ്ദേശം ഇന്നതാകാമെന്ന് കടക്കാരന്റെ സാക്ഷ്യപ്പെടുത്തലിൽ അയാൾക്ക് സമാധാനം തോന്നി.

ര് ഗ്ലാസ്സുകളിൽ അയാൾ ചായ വാങ്ങി. വിയുടെ അടുത്തെത്തി തുറ ന്നിരുന്ന വാതായനം വഴി ഉള്ളിലേക്ക് ഒരെണ്ണം കൊടുത്തപ്പോൾ മാത്രം കടയിലുള്ളവർ അകത്തിരിക്കുന്ന പെൺകുട്ടിയെ കു.

ഭീതിപൂരിക്കുന്നൊരു കൊച്ചു പെൺകുട്ടി. പതിനഞ്ചോ പതിനാറോ വയസ്സായിട്ട്.........

അവർ പിന്നീട് സംശയത്തോടെ ആണ് അയാളെ വീക്ഷിച്ചത്, പരസ്പ രം നോക്കിയത്. പക്ഷെ, അയാളുടെ മുഖത്ത് ചഞ്ചലിപ്പോ, കളങ്കതയോ കാണാത്തതുകൊും, പെൺകുട്ടിയിൽ നിന്ന് അയാളോടുള്ള പെരുമാറ്റത്തിൽ സംശയിക്കത്തക്കതായിട്ടൊന്നും ഇല്ലാത്തതു കൊും അവർ കണ്ണുകളെ, മന സ്സുകളെ പിൻതിരിപ്പിച്ചുകളഞ്ഞു.

കഷ്ടിച്ച് കാർ കയറി പോകാനൊരു വഴി, ടാർ വിരിക്കാത്തത്, പൊടി ഉയർത്തുന്ന്.....

ഇരുപുറവും വേലിപ്പടർപ്പുകളാണ്. വേലികൾക്കുള്ളിൽ റബ്ബർ, തെങ്ങ്, വാഴ.........

കിളികളുടെ ചിലപ്പുകൾ.....

കോഴിയുടെ കൂവലുകൾ.....

വീടുകൾ ഉണർന്നു വരുന്നതേയുള്ളൂ......

ഒരു കിലോമീറ്റർ കഴിഞ്ഞാണ് ചായക്കടക്കാരൻ പറഞ്ഞ ലക്ഷണത്തി ലുള്ള വീടെത്തിയത്.

കാർ റോഡിലേ കിടക്കുകയുള്ളു. ഒരു ഓട്ടോറിക്ഷക്കുപോലും കടന്നു

പോകാൻ ഇടമില്ലാത്തതുപോലെ.

അയാൾ തനിച്ച് ഇറങ്ങി വന്ന് വീടിന്റെ കതകിൽ മുട്ടി വിളിച്ചു. അവിടെ കോളിംഗ് ബെല്ല് കില്ല. വരാന്തയിൽ വെളിച്ചത്തിനൊരു ബൾബു പോലും കില്ല. എന്നാൽ ഏറ്റവും അടുത്തവീട്ടിലേക്ക് വൈദ്യുതി ലൈൻ കു.

കുറെ കാത്തു നിന്നപ്പോളൊരു സ്ത്രീ വാതിൽ തുറന്നു. അറുപത് വയസ്സിനു മേൽ പ്രായമുള്ള, വളരെ പഴകിയൊരു നൈറ്റിയിൽ.....

അവർ ഉണർന്നു വരുന്നതേയുള്ളൂ.

യാതൊരു ഉദ്ദേശവുമില്ലാതെ കതക് തുറന്ന് പുറത്തു വന്ന ആ കണ്ണുകളിൽ അമ്പരപ്പ് കയറിപടരുന്നതു കാണാം.

''ഞാൻ രമേശനെ കാണാൻ വന്നതാണ്, നഗരത്തിൽ നിന്ന്.''

അയാൾ കുറെ അകലെയുള്ളൊരു നഗരത്തിന്റെ പേരു പറഞ്ഞു.

അവർ അയാളെ ഇറയത്ത് തന്നെയുള്ളൊരു ബെഞ്ചിൽ ഇരുത്തി.

ഒരു നീ കഥ പറഞ്ഞു.

കഴിഞ്ഞ പതിനാറു വർഷങ്ങൾ...

പതിനാറു വർഷങ്ങൾ കഴിഞ്ഞു രമേശൻ പുറത്തിറങ്ങിയിട്ട്....

തലമുറകളോളം പഴക്കമുള്ള ആ ചെറിയവീട്ടിലെ തെക്കേ കോണിലെ ഇടുങ്ങിയ മുറിയിൽ വെളിച്ചം കയറിയിട്ട് പതിനാറു വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. അത് അവന്റെ, രമേശിന്റെ മുറിയാണ്.

പതിനാറു വർഷമായി വാതായനം പോലുമില്ലാത്ത അതിന്റെ ജനൽ അവൻ തുറന്നിട്ട്. തുറന്നാൽ തെക്കോട്ടുള്ള മലയിറക്കത്തിൽ പതിക്കുന്ന വെളിച്ചം കാണേി വരും. അവനെ നോക്കി ചിരിക്കുന്ന പൂക്കളെ കാണേി വരും. പൂക്കളിൽ നിന്നെത്തുന്ന സുഗന്ധം അറിയേി വരും.

ആ പൂക്കളിൽ നിന്നും, സുഗന്ധത്തിൽ നിന്നും അവൻ ഒളിച്ചോടുകയായിരുന്നു.

കുട്ടിയായിരിക്കുമ്പോഴും. അതിനു ശേഷം കൗമാരക്കാരനായിരിക്കുമ്പോൾ, യുവാവായിരിക്കമ്പോൾ ജനാല തുറന്നിട്ട് മലഞ്ചെരുവിലേക്ക് നോക്കിയിരിക്കുന്നത് അവന്റെ ശീലമായിരുന്നു, ലഹരിയായിരുന്നു.

അവിടെയിരുന്നാൽ മലകൾ കയറി, മലകൾ ഇറങ്ങി വരുന്ന പ്രഭാതവെളിച്ചം കാണാം. മലകളിറങ്ങി മലകൾ കയറി പോകുന്ന അന്തിവെളിച്ചവും കാണാം.

അങ്ങിനെ നോക്കിയിരുന്നാൽ മനസ്സിൽ കുളിർമ നിറയും. താഴ്വാരത്ത് കൂടിപറന്നു പോകുന്ന പക്ഷികൾ കാഴ്ചക്കാരനെ നോക്കി പാടും, പൂക്കൾ ചിരിക്കും. ആവോളം നുകരാൻ സുഗന്ധവുമായിട്ട് മന്ദമാരുതനുമെത്തും.

ആദ്യമൊക്കെ അമ്മച്ചി അവനോട് ഒരുപാട് ചോദ്യങ്ങൾ ചോദിച്ചു.

എന്റെ മോനെന്തുപറ്റി, എന്തിൽ നിന്നാണ് ഒളിച്ചോടിയത്, ആരാണ് നശിപ്പിച്ചത്, പിച്ചി ചീന്തിയത്.........

അവൻ ഒന്നും പറഞ്ഞില്ല.

ഒരു വികാരവും കാണിച്ചില്ല.

ഒരേയൊരു സഹോദരിയുടെ വിവാഹത്തിനും മുറിയിൽ നിന്നും പുറത്തു വന്നില്ല.

അച്ഛൻ മരിച്ചപ്പോൾപോലും ഒരു വാക്ക് ഉരിയാടിയില്ല.

സ്വന്തം തീരുമാനത്തിൽ കുളിച്ചില്ല, പല്ലുതേച്ചില്ല, ആഹാരം കഴിച്ചില്ല.

മുടി വെട്ടിയില്ല. ഷേവു ചെയ്തില്ല.

അമ്മ നിർബന്ധിച്ചു ചെയ്താലായി.

അമ്മ കൂലിപ്പണി ചെയ്തും, പറമ്പിലെ കുറച്ച് റബ്ബർ വെട്ടിയും കഴിഞ്ഞു, ഇതുവരെ.

ശിലായുഗത്തിൽ ഗൃഹനായികയായിരുന്ന സ്ത്രീയെ എന്നാണ്, ആരാണ് സ്ഥാനമാനങ്ങളിൽ നിന്നു വലിച്ചിറക്കിയത്...... പുരുഷന്റെ അധീനതയിൽ, താല്പര്യങ്ങളിൽ കഴിയേവേളായിട്ട് തരം താഴ്ത്തിയത്........ മതഗ്രന്ഥങ്ങളിൽ, ഇതിഹാസങ്ങളിൽ, പുരാണങ്ങളിൽ പുരുഷന്റെ ഭോഗവസ്തു മാത്രമാക്കി ചിത്രീകരിച്ചതാരാണ്...... ദൈവത്തിങ്കൽ എല്ലാ സൃഷ്ടികളും തുല്യമായിരിക്കെ വേദവാണികൾ ഗ്രഹിക്കാൻ അയോഗ്യയാക്കിയതാരാണ്....

നിങ്ങൾ പ്രകൃതിലേക്ക് നോക്കൂ, സസ്യജാലങ്ങളിൽ സ്ത്രീ പുരുഷ അസമത്വങ്ങളുോ, പക്ഷിമൃഗാദികളിൽ സ്ത്രീക്കും പുരുഷനും ചരിക്കാൻ വ്യത്യസ്ഥ മാർഗ്ഗങ്ങളുോ, ഇര തേടാൻ, ഇണ തേടാൻ, ശയിക്കാൻ, ഉറങ്ങാൻ ആരുടെയെങ്കിലും വിലക്കുകളുോ......

എങ്ങിനെ ഈ മനുഷ്യ സമൂഹത്തിൽ മാത്രം അവൾ ഹീനയായി, അബലയായി, ചപലയായി......... ഗുണവും മണവും കുറയുമ്പോൾ മൊഴി ചൊല്ലപ്പെടേവേളായി, പൊതു വേദിയിൽ വസ്ത്രാക്ഷേപം ചെയ്യപ്പെടേവേളായി, കാറ്റും വെയിലും കടക്കാത്ത ഇരുട്ടറയിൽ അടക്കപ്പെടേവേളായി, ഇരയായി.....

ഈ വാക്കുകൾ രമേശന്റെ വീടു തേടി വന്ന രഘുനാഥിന്റേതല്ല, അയാൾ പറയാൻ തുടങ്ങുന്ന കഥയുടെ തുടക്കമാണ്.

അത് സ്നേഹലതയുടെ വാക്കുകളാണ്.

അയാൾ പറഞ്ഞു.

ഒരു സജീവ രാഷ്ട്രീയക്കാരനോ സാംസ്കാരിക പ്രവർത്തകനോ ഒന്നുമായിരുന്നില്ല രമേശൻ. എന്നാൽ സ്വതസിദ്ധമായിരുന്ന ഒരു പ്രവർത്തന ശൈലി കൊ് എല്ലാവർക്കും ഇഷ്ടപ്പെടുന്നവനായിരുന്നു.

ഏതു വിദ്യാർത്ഥി സംഘടനക്കും സാംസ്കാരിക പ്രവർത്തകനും അവൻ അഭിമതനായിരുന്നു. തുല്യ അകലം സൂക്ഷിക്കുന്നവൻ. എന്നിട്ടും ഒരു സംഘടനയുടെ അദ്ധ്യക്ഷപദത്തിലെത്തേിവന്നു, പലരുടേയും നിർബന്ധത്തിന് വഴങ്ങി.

സ്നേഹലത ആ സംഘടനയുടെ തിളങ്ങുന്ന താരമായിരുന്നു, സെക്രട്ടറിയെന്ന നിലയിൽ മാത്രമായിരുന്നില്ല, ജീവാത്മാവും പരമാത്മാവും പോലെ.

സ്കൂൾ തലത്തിൽ നിന്നും കലാതിലകമായിട്ടെത്തുകയും, കോളേജ് തലത്തിലും നടനത്തിന് തുടർച്ചയായി സമ്മാനിതയാകുകയും ചെയ്തിരുന്നതിന്റെ പ്രതിഭാവിലാസം വേറേയും.

ഷാംപൂ പുരട്ടി നേർപ്പിച്ച, ഇടതൂർന്ന മുടി യഥേഷ്ടം പാറി നടക്കും ചുവന്നു തുടുത്തിട്ടും ലിപ്സ്റ്റിക്ക് ധരിക്കും, നിത്യേനയെന്നോണം ബ്യൂട്ടി പാർലറിൽ പോകും, ഒരു പരസ്യത്തിലെ നായികയെപ്പോലെ.....

സംഘടനയുടെ പ്രവർത്തനങ്ങൾ കോളേജ് കാമ്പസ് വിട്ട് സമൂഹത്തിലേക്കിറങ്ങി വന്നു. സ്ത്രീകളുടെ ശാക്തീകരണത്തിനുവേി, സ്വാതന്ത്ര്യത്തിനുവേി, കുട്ടികളുടെ ഉന്നമനത്തിനു വേി പ്രവർത്തിക്കാൻ തുടങ്ങി. പല ദേശീയ സംഘടനകളുമായിട്ടുള്ള ബന്ധങ്ങൾ വഴി പൊതുവെ അറിയപ്പെടാൻ തുടങ്ങി.

സ്നേഹലത രാത്രിയിലും പകലും രമേശനൊത്ത് യാത്ര ചെയ്യുവാൻ, പ്രവർത്തന നിരതയാകാൻ മടികാണിച്ചില്ല.

ഒരു പക്ഷെ, അവളുടെ കുടുംബ അന്തരീക്ഷവും അങ്ങിനെ ആയി

രുന്നതു കൊാകാം. സ്വാതന്ത്ര്യ സമര കാലം മുതൽ കോൺഗ്രസുമായി ട്ടുള്ള അടുപ്പം, പ്രശസ്ത ക്രിമിനൽ ലോയറായിരുന്ന അച്ഛന്റെ വീക്ഷണ ങ്ങൾ, സർവ്വതന്ത്ര സ്വതന്ത്രയായ സ്ത്രീ പക്ഷവാദിയും പ്രവർത്തകയുമായ അമ്മ.....

എങ്കിലും നടനവേദി അവൾക്ക് മുറിച്ചുമാറ്റാൻ കഴിയാത്ത ഘടകമാ യിരുന്നു, ചിട്ടയായ ചലനങ്ങളും ജന്മസിദ്ധമായ വാസനയും കൂടെ ഉായി രുന്നു.

പക്ഷെ, രമേശന്റെ മനസ്സ് വിഹ്വലമായിരുന്നു, എപ്പോഴും. അവൻ സ്നേഹലതയുടെ ബന്ധത്തെ കുറിച്ച് ചിന്തിച്ചുകൊയിരുന്നു, പലപ്പോഴും. സുഹൃത്തുക്കൾ പറയുന്ന കാര്യങ്ങളും അവനെ അലട്ടിക്കൊിരുന്നു.

എന്താണ് സ്നേഹലതയുമായുള്ള ബന്ധം.......

ആ ചോദ്യത്തിന് ഉത്തരം കത്തൊൻ അവനായില്ല.

ഒരു സുഹൃത്തിനെപ്പോലെ.....

രക്ഷിതാവിനെപ്പോലെ.....

അല്ല, പലപ്പോഴും ഇണയോടു കാണിക്കുന്നതിൽ കുടുതലുള്ള അടു പ്പത്തോടുകൂടി അവൾ ഇടപെടുന്നു.

അവന്റെ മനസ്സ് ചഞ്ചലിക്കാറു്, ചപലമാകാറു്, വിജ്രംഭിതമാകാറു്...

അവളുടെ വാദഗതികൾ അവൻ അംഗീകരിക്കുന്നു. സ്ത്രീയും പ ുരുഷനും തുല്യരാണെന്നും, വീട്ടിലായാലും പുറത്തായാലും തുല്യത വേണ മെന്നും, മേൽക്കോയ്മകളും, അടക്കി വാഴലുകളും തെറ്റാണെന്നും സമ്മതി ക്കുന്നു........

അങ്ങിനെ സമ്മതിച്ച് കഴിഞ്ഞ ഉടനെ തന്നെ അവന്റെ മനസ്സ് ചോദ്യങ്ങളെക്കൊ് നിറയും.

സത്യത്തിൽ പ്രകൃതിയിൽ തന്നെ സ്ത്രീക്കും പുരുഷനും തമ്മിൽ ചില വ്യത്യാസങ്ങൾ കാണാനില്ലെ.....

ആൺപക്ഷികൾക്ക് വ്യത്യസ്ഥമായ രൂപഘടനയു്. ആൺ മൃഗങ്ങൾക്ക് തലയെടുപ്പ് കൂടുലു്, വലിപ്പക്കൂടുതലു്. പുരുഷന് സ്ത്രീയേക്കാൾ കരുത്ത് കൂടുതലു്, സ്വരം അവളുടേതിനേക്കാൾ ദൃഢമാണ്.....

എന്താണങ്ങിനെ....

പ്രകൃതി തന്നെ അങ്ങിനെയൊരു വ്യത്യസ്ഥ ഘടന ഉാക്കി വച്ചതെന്തിന ാണ്.....

അവൻ തന്നെ അതിനൊരു ഉത്തരവും കത്തെിയിട്ടു്.

അലംഘനീയമായൊരു കാലപ്രവാഹത്തിൽ സംഭവിക്കുന്നതാണ്.

ഒരു പൂ വിരിയും പോലെ, ഒരു മുട്ട വിരിഞ്ഞു കുഞ്ഞ് പിറക്കും പേ ാലെ..... അനന്തവും അദൃശ്യവുമായ ഒരു സ്രോതസ്സിന്റെ പ്രയാണത്തിൽ സംഭവിക്കുന്നതാണ്.........

അതേ പ്രയാണത്തിൽ അകപ്പെട്ടൊരു നാൾ അവർക്കും ഉായി.......

അവൻ അതിനു ശേഷം, അവളെ നോക്കി, ഉണരാനായി കാത്തിരു ന്നു.

നഗ്നമായിരുന്ന അവളുടെ ദേഹം പുതപ്പിൽ മൂടി. മെല്ലെ മുടിയിൽ വിരലോടിച്ചു. അവന്റെ സ്നേഹത്തിൽ, ലാളനയിൽ അവളുടെ മനസ്സ് ശാന്ത മായിരിക്കുമെന്ന് കരുതി.

അവൾ ഉണർന്നു, അവനെ ശ്രദ്ധിക്കാതെ ബാത്ത് റൂമിൽ പോയി ഡ്രസ്സ് ചെയ്ത് തിരിച്ചു വന്നു.

അവളുടെ മുഖം......

അവൻ നൊമ്പരപ്പെട്ടു.

‘‘ രമേശ് യൂ........’’

അവളിൽ അടക്കാൻ കഴിയാത്ത എന്തെല്ലാമോ........

‘‘ സ്നേഹേ... ഞാൻ....’’

‘‘ യൂ ഡെർട്ടി.... സ്പോയിൽ മി....നോ....എനിക്ക് നിന്നെ കാണാ....ഐ ഹേറ്റ് യൂ.....’’

‘‘ സ്നേഹേ നീ എന്നും എന്നോടൊത്തു വേണം.....നമുക്ക് ഒരുമിച്ച് ജീവിക്കണം... സത്യം....സത്യം.....’’

‘‘ നോ.....നോ....രമേശ് നീയും വെറുമൊരു പുരുഷനാണ്.....സ്ത്രീയുടെ ശരീരം കവരുന്ന....സുഖം കാംക്ഷിക്കുന്ന.....’’

‘‘ അല്ല... ഒരിക്കലും അങ്ങിനെ അല്ല...നീ എന്റേതാണ്...എന്റെ മാത്രം... ഞാൻ നിന്നെ നോക്കും പൊന്നുപോലെ....എന്റെ ജീവനെപ്പോലെ....’’

‘‘ നോ....നോ...ഇനി നമ്മൾ കാണില്ല, ഒരിക്കലും.....’’

അവൾ തകർന്നുപോയി. മുഖം പൂഴ്ത്തിക്കരഞ്ഞു. പെട്ടന്ന് അവനെ വിട്ട് പുറത്തേക്ക് പോയി.

പിന്നീട് അവൻ സ്നേഹലതയെ കിട്ടില്ല. അവൾ കോളേജിൽ നിന്നും, നഗരത്തിൽ നിന്നു തന്നെ അകന്നു പോയി. രമേശൻ തിരക്കി നടന്നു. കത്താനാകാതെ അവന്റെ മുറിയിൽ ചേക്കേറി.

അവൾ വീും രംഗത്തു വരുന്നത് നടന വേദിയിലാണ്.

അയാൾ പറഞ്ഞുകൊിരുന്നു.

മുറ്റത്തേക്ക് വെയിൽ കയറിവരുന്നു. വെയിലിനോടൊപ്പം വരുംപോലെ കാറിൽ നിന്നും പെൺകുട്ടി ഇറങ്ങി നടന്ന് വീട്ടിലേക്ക് വന്നു.

അവൾ തിണ്ണയിൽ കയറുമ്പോഴാണ് രമേശന്റെ അമ്മ അവളെ കാണുന്നത്. അവരുടെ കണ്ണുകൾ തിളങ്ങുകയും ജിജ്ഞാസപ്പെടുകയും ചെയ്തു.

‘‘ ഇത് സ്നേഹലതയുടെ മകളാണ്, സ്നേഹപ്രഭ....’’

അയാൾ പറഞ്ഞു.

അവൾ, അവർക്ക് മുന്നിൽ നിസ്സഹായായി നിന്നു.

‘‘ ഞാൻ സ്നേഹലതയുടെ പ്രോഗ്രാം മാനേജറായിരുന്നു. അവർ സ്റ്റേജിൽ തിളങ്ങി നില്ക്കുമ്പോൾ ഈ കുഞ്ഞ് ബോർഡിംഗിൽ ഒരനാഥയെപ്പോലെ കഴിയുകയായിരുന്നു. കാരണം അവർക്ക് ഇഷ്ടമില്ലാതെ കിട്ടിയവളെ അംഗീകരിക്കാനായില്ല. പക്ഷെ, നേരിൽ ഒരിക്കൽ പോലും കാണാൻ കൂട്ടാക്കിയിരുന്നില്ലെങ്കിലും കൃത്യമായി ചെലവകളെത്തിച്ചിരുന്നു. ഞാൻ വന്നശ്ശേഷം എല്ലാം ഞാനാണ് ചെയ്തു കൊടുത്തിരുന്നത്.’’

‘‘ ഈ കുഞ്ഞ്....’’

രമേശിന്റെ അമ്മ വിതുമ്പുകയും. അവളെ നെഞ്ചോടുചേർത്തു നിർത്തുകയും ചെയ്തപ്പോൾ വെയിൽ വരാന്തയിൽ എത്തി അവരുടെ പാദങ്ങളെ സ്പർശിച്ചു തുടങ്ങി, കുളിർമയിൽ നിന്നും അവരെ ഉണർത്താനെന്ന പോലെ.

‘‘ അതെ, ഇത് രമേശന്റെ മോളാണ്. സ്നേഹലത അവസാനം എന്നോടു സമ്മതിച്ചു... ഇവിടെ എത്തിക്കണമെന്ന് പറഞ്ഞു... രക്ഷിക്കണം.’’

പാതി തുറന്നിരിരുന്ന വാതിൽ തള്ളിതുറന്നു കൊ്, ശക്തമായൊരു കാറ്റു പോലെ രമേശൻ വരാന്തയിലേക്ക് വന്നു.

അവൻ സ്നേഹപ്രഭയെ നോക്കി നില്കുമ്പോൾ അലക്ഷ്യവും വികൃതതവുമായികിടന്നിരുന്ന മുടിയിഴകളിലെ വെളുത്ത മുടികൾ വിറക്കുന്നത് രഘുനാഥിന് കാണാം....

“ എന്റെ മോൾ....”

“ ഉം....”

അവാച്യമായ അവർണ്ണ്യമായ വികാരം കൊ് രമേശൻ നിലത്ത് തളർന്നിരുന്നു.

അമ്മ, അവൻ പുറത്തുവന്നതിൽ അത്ഭുതപ്പെട്ടു. പിന്നീട് അതിയായി സന്തോഷിച്ചു.

രമേശൻ നിലത്തു നിന്നും സാവധാനം ഉയർന്ന് തന്റെ മകളെ തുറിച്ചു നോക്കിക്കൊ്, തന്നിലേക്കടുപ്പിച്ചുകൊ് ആർത്തലച്ച്......

വികാര വിക്ഷുപ്തത അടങ്ങിയപ്പോൾ രഘുനാഥ് ശാന്തമായി പറഞ്ഞു.

“ രമേശ്, നിങ്ങളിൽ നിന്നും ഒട്ടും പ്രതീക്ഷിക്കാത്ത പ്രതികരണം ഉായപ്പോളാണ് സ്നേഹലത അകന്നു പോയത്.  അവർ അത് വാശിയായി, വൈരാഗ്യമായി എടുത്തു.  എന്നിട്ടും കുഞ്ഞിനെ നശിപ്പിക്കാൻ തോന്നുയില്ല. അതിനെ സ്നേഹിച്ചില്ലെങ്കിലും.....”

“ നടന വേദിയിൽ അവർ ഒരു ജ്വാലയായി പടർന്നു കയറി, പേരും പ്രശസ്തിയും പണവും ആരാധകരും അധികാരസ്ഥാനങ്ങളും വന്നു ചേർന്നു. ചക്രവർത്തിനിയേപ്പോലെ വാണു.. പക്ഷെ, ധനം കുമിഞ്ഞുകൂടിയപ്പോൾ സുഖലോലുപതയിൽ മുഴുകിയപ്പോൾ ചതിക്കുഴികൾ കില്ല....”

“ ശരിക്കും ചതിക്കപ്പെടുകയായിരുന്നു... മരണപ്പെടുത്തിക്കളഞ്ഞു.... അവരുടെ കൂടെ നിന്നിരുന്നവരും ഇപ്പോൾ വേട്ടയാടപ്പെടുകയാണ്.  ഞാൻ പോലും ഓടിയടുക്കുന്നത് മരണത്തിലേക്കാണെന്ന് തോന്നിപ്പോവുകയാണ്... ഏതു നിമിഷവും മറവിൽ നിന്നും അത് വന്ന് എടുത്തു കൊു പോകുമെന്ന് ഭയക്കുകയാണ്...”

“ അതുകൊ് ഈ മോളെ നിങ്ങളെ ഏൽപിച്ചാൽ സുരക്ഷിതയാകുമെന്ന് കരുതുന്നു. കഴിഞ്ഞ പന്ത്ര് വർഷമായിട്ട്  ഇവളെന്റെ മോളായിരുന്നു....”

രഘുനാഥിന്റെ കണ്ണുകൾ നിറഞ്ഞു വരുന്നത് രമേശന് കാണാം.

വൈകാതെ രഘുനാഥ് പടികളിറങ്ങുമ്പോൾ, കാറിൽ കയറുമ്പോൾ, ഓടിത്തുടങ്ങുമ്പോൾ അർദ്ധപ്രജ്ഞയോടെ രമേശൻ......

@@@@@@

വിജയകുമാർ കളരിക്കൽ,
മാതിരപ്പിള്ളി,
കോതമംഗലം – 686691.
ഫോൺ : 9847946780.

കഥ

# അച്ഛന്റെ ബ്ലോഗന മകൻ വായിക്കുന്നു

വിജയകുമാർ കളരിക്കൽ

ഇതെന്റെ ഗ്രാമം.

വിളയാൽ.

ഞാൻ വിളയാൽ പുത്തൻപുരക്കൽ പൗലോസ് എന്ന ചെറിയപള്ളി ഇടവകക്കാരൻ.

നാട്ടുകാർ എന്നെ പൗലോ എന്നു വിളിക്കുന്നു.

ഇക്കഥ തുടങ്ങുന്നത് ഇന്നല്ല, നാലു പതിറ്റാുകൾക്ക് മുമ്പാണ്.

ഗ്രാമത്തിന്റെ നടുവിലൂടെ ടാർ ചെയ്യാത്ത ഒരു പഞ്ചായത്ത് വഴിയു ്. അതിലെ ഓടുന്ന പ്രധാന വാഹനം ഒരു കാളവിയാണ്. ഓടിച്ചിരുന്നത് കുഞ്ഞിക്കേള.

പിന്നെ കൈവിരലിൽ എണ്ണാവുന്ന സൈക്കിളുകൾ. ബാക്കിയെല്ലാവരും കാൽ നടക്കാരാണ്.

ഗ്രാമത്തിന്റെ ഉൾക്കാമ്പുകളിൽ നിന്നും വഴിയിലെത്താൻ ഇടവഴികളാണുള്ളത്. ഒരാൾക്ക് കഷ്ടിച്ച് നടക്കാവുന്നത്ര വീതിയിൽ, ഉരുളൻ കല്ലുകളാൽ തീർത്ത കയ്യാലകളുമായിട്ട്.

ഇടവഴികൾ പലതും മലയിറങ്ങി റോഡിൽ വരുന്നതും, മലയിറങ്ങി പാടവരമ്പത്തും തോട്ടിറമ്പിലും എത്തുന്നതുമാണ്.

ഈ റോഡു തന്നെ ആയിരുന്നു ഞങ്ങളുടെ പ്രധാന കളി സ്ഥലവും. ഞങ്ങൾ കിളിപ്പാസും സാതേമ്പറും അരിയാസ്സും കളിച്ചു.

പറമ്പുകളെല്ലാം വേലികെട്ടി മറച്ചു കപ്പയും ചേനയും ചേമ്പും കാച്ചിലും കൃഷികൾ ചെയ്തിരിക്കും. അതിർ വേലികളിൽ കശുമാവും പ്ലാവും മറ്റ് നാട്ടുമരങ്ങളും വളരും. പാടങ്ങൾ നെൽവയലുകളും, മലകളിൽ കാടു പിടിച്ചിടത്ത് കുറുക്കനും കുറുനരിയും പാർത്തും പോന്നു.

ആ മലകളിൽ നിന്നും ആടിനുള്ള ഞവറയിലകളും വർങ്ങിലയും തൊട്ടാവാടിയിലകളും മറ്റിലച്ചെടികളും പറിച്ചെടുത്തു. ആടുകളെ, പശുക്കളെ അഴിച്ചു വിട്ടു തീറ്റിക്കുയയും ചെയ്തു.

അന്നത്തെ പത്തു വയസ്സുകാരാനായിരുന്ന ഞാനും ആട്ടിടയനായിരുന്നു. എന്റെ കൂട്ടത്തിൽ അഞ്ചോ ആറോ ആടുകളുായിരുന്നു.

കൂലി വേലക്കാരായിരുന്ന അപ്പച്ചനെയും അമ്മച്ചിയേയും സഹായിക്കാൻ മക്കളും എന്തെങ്കിലും പണികൾ ചെയ്യുന്നത് സാധാരണയായിരുന്നു. എന്നാലും മൂത്ത പെങ്ങളെ, അവർ വളരെ നേരത്തെ പഠിത്തം നിർത്തി വീട്ടുകാര്യങ്ങൾ നോക്കുന്നവളായിട്ടും വീടു വിട്ടൊരു പണിക്കും വിട്ടില്ല. എന്നെ സഹായിക്കാൻ അനുജത്തിയാണ് വരിക. അനുജൻ ഇള്ളക്കുട്ടിയായി അപ്പച്ചനും അമ്മച്ചിയും ഇല്ലാത്ത നേരത്ത് മൂത്ത പെങ്ങളോട് വഴക്കുമായിട്ട് കഴിഞ്ഞുകൂടും.

തോട്ടിറമ്പിൽ കൂടി നടന്ന് തെക്കൻ മല കയറി തുടങ്ങുന്നിടത്ത് വലതു കൈ പുറത്തു വെട്ടുകല്ലിൽ പണിത് വൈക്കോൽ മേഞ്ഞ വീടായിരുന്നു സലോമിയുടേത്.

അന്നിവിടെ ഉായിരുന്ന ഏതാ് എല്ലാവീടികളും അങ്ങനെ ഉള്ളതായിരു

ന്നു, ആശാൻ കളരി നടത്തിയിരുന്ന വേലായുധനാശാന്റെ ഒഴികെ. ആശാന്റേത് ഓല മറച്ച്, ഓലമേഞ്ഞ വീടായിരുന്നു. അതിനുള്ളിൽ വേനൽ ക്കാലം സുഖമുളളതും മഴക്കാലവും മഞ്ഞുകാലവും തണുത്തതുമായിരിക്കും. എന്നാൽ വെട്ടുകല്ലിൽ തീർത്തു വൈക്കോൽ മേഞ്ഞാൽ എല്ലാക്കാലത്തും സുഖാന്തരീക്ഷവുമായിരിക്കും.

" അപ്പൻ കള്ളുകുടിച്ചേച്ചു വന്നാൽ കെടക്കപ്പൊറുതി ഓകില്ലെന്ന് " സലോമി പറയും.

സലോമിയുടെ അമ്മച്ചി കൂലിപ്പണിക്ക് പോകില്ല. പശുക്കളെ വളർത്തി പാലു വില്കും. പുല്ല് അറുത്തു കൊടുത്താണ് സലോമി അമ്മയെ സഹായിച്ചിരുന്നത്.

സലോമി ഒരു നല്ല പെൺകുട്ടിയായിരുന്നു, ഇരു നിറത്തിൽ....

അവൾ പുല്ലറുക്കുമ്പോൾ, ആടുകളെ മേയാൻ വിട്ട് അവൾക്ക് കൂട്ടിരുക്കുകയും സഹായിക്കുകയും ചെയ്തിരുന്നു, ഞാൻ.

അങ്ങിനെയിരിക്കുമ്പോൾ ഒരുനാൾ ഹൃദയത്തിന്റെ മുറുകി നിന്ന കമ്പികളിൽ അവൾ നനുത്ത വിരലുകളാൽ ഒന്നു തൊട്ടു.

അവൾക്കന്ന് പന്ത്ര് വയസ്സായിരുന്നു. അവളേക്കാൾ മൂന്നു വയസ്സു കൂടുതലുായിരുന്നു ഹൃദയതന്ത്രികൾക്ക്.

അത് മഴത്തുള്ളികളായി വരു കിടന്നുരുന്ന ഭൂതലത്തിൽ പതിക്കുകയായിരുന്നു.

ഭൂതലം വിറപൂു. അപ്രതീക്ഷിതമായിരുന്നതു കെ് എന്തെന്ന് മനസ്സിലാക്കാനേ കഴിഞ്ഞില്ല. ചുരുു കൂടുകയും വലിഞ്ഞു മുറുകുകയോ ഒക്കെ ചെയ്തു.

അല്പം നീട്ടാണ് അവളുടെ കണ്ണകൾ, ആ കണ്ണുകളിൽ അസാധാരണമായ എന്തോ പൂത്തു നിന്നുരുന്നു. ചുുകളിൽ എപ്പോഴും പുഞ്ചിരു വിരിഞ്ഞു നിന്നിരുന്നു.

പിന്നീട് കുഞ്ഞകുഞ്ഞു വർത്തമാനങ്ങളിലൂടെ, കൊച്ചുകൊച്ചു തൊടലുകളിലൂടെ ഹൃദയരാഗങ്ങൾ മീട്ടി തന്ത്രികൾ കൂടുതൽ മുറുകി....

അവൾ പെറ്റിക്കോട്ടിൽ നിന്നും പാവാടയിലേക്കും ബ്ലൗസിലേക്കും വളർന്നു. ഞാൻ എൽപി സ്കൂളിൽ അദ്ധ്യാപകനായിട്ട് മലബാറിലേക്ക് നാടുകടന്നു. പെങ്ങന്മാരെ കെട്ടിച്ചുവിടാനായിട്ട് യാത്രകൾ കുറച്ചു. കുറഞ്ഞ യാത്രയിൽ വല്ലപ്പോഴുമെത്തുമ്പോൾ സലോമിയെ കില്ല, കാണാൻ ശ്രമിച്ചില്ല. ഇളയ പെങ്ങൾ കഥകൾ പറഞ്ഞു കേൾപ്പിക്കുമായിരുന്നു, അവളുടെ അന്വേഷണങ്ങൾ അറിയിക്കുമായിരുന്നു, പെങ്ങളെ കെട്ടിച്ചു വിടും വരെ.

ഒരിക്കൽ, ഒരിക്കൽ മാത്രം സ്കൂളിലേക്ക് അവളുടെ ഒരു കത്തു വന്നു, നിറയെ അക്ഷരത്തെറ്റുകളുമായിട്ട്, വിവാഹം അറിയിപ്പായിട്ട്......

അവളുടെ ജീവിതവും പൂർത്തീരിക്കാനാകാതെ പോയ വാചകങ്ങളെപ്പോലെയായിരുന്നെന്ന് അന്നു തോന്നിയില്ല. അവളുടെ അപ്പച്ചൻ ജീവിതത്തിൽ ഉാക്കി കൊടുത്തതുമുഴുവൻ അക്ഷരത്തെറ്റുകളായിരുന്നെന്നും അറിഞ്ഞില്ല. സ്വന്തം പ്രാരബ്ധങ്ങളും പരാധീനതകളുമായിട്ടു രമ്യതയിലായി കഴിഞ്ഞുകൂടാൻ ശ്രമിച്ചു, ഒരു പ്രൈമറി അദ്ധ്യാപകന്റെ വൃത്തത്തിൽനിന്നു കെ്...

രു പെങ്ങന്മാരെ കെട്ടിച്ചുവിടാനും അനുജനെ ഒരു സർക്കാർ ഗുമസ്ഥനാക്കാനും സഹായിച്ചു. വിവാഹം ചെയ്തു. ര് മക്കൾക്ക് വിദ്യാഭ്യാസം കൊടുത്തു. അപ്പച്ചനെയും അമ്മച്ചിയേയും അല്ലലില്ലാതെ നോക്കി, കർത്താവിൽ നിദ്രപ്രാപിക്കനയച്ചു. ജീവിതത്തെക്കുറിച്ച് ഒരു നഷ്ടബോധവും

തോന്നിയിരുന്നില്ല.

പക്ഷെ, ഭാര്യ, കൊച്ചുത്രേസ്യ ഇടയ്ക്ക് വച്ച് യാത്ര പറഞ്ഞു പോയപ്പോൾ വല്ലാത്തൊരു നഷ്ടബോധം. മറ്റുള്ളവരുടെ കാര്യങ്ങൾ നോക്കി നടന്നപ്പോൾ അവളെ വേ വിധം ശ്രദ്ധിക്കാൻ കഴിയാതെ വന്നിട്ടുേ‍ാ എന്ന ചോദ്യം ഒരായിരം പ്രാവശ്യമെങ്കിലും ചോദിച്ചിട്ടു്, കഴിഞ്ഞ അഞ്ചു കൊല്ലം തികയുന്നതിനോടിടക്ക്.

ഇപ്പോൾ ഒറ്റപ്പെട്ടതുപോലെ....

മക്കൾ പറന്നകന്ന് കൂടുവച്ചിരിക്കുന്നു. കുഞ്ഞു മക്കളുമായിട്ട് തിരക്കോടു തിരക്കായിരിക്കുന്നു. വല്ലപ്പോഴുമുള്ള ഫോൺ വിളികളല്ലാതെ ഒന്നുമില്ലാതെയായിരിക്കുന്നു. കമ്പ്യൂട്ടർ വീട്ടിൽ ഉള്ളതു കൊ് നേർക്കുനേരെയിരുന്നു സംസാരിക്കാൻ കഴിയുന്നു.

അവർ നിർബന്ധിക്കാത്തതു കൊല്ല, കഴിയില്ല, ഇവിടം വിട്ട് അന്യഭാഷക്കാരുടെയിടയിൽ.....

ഇവിടെ പഴയ പച്ചപ്പും മഞ്ഞപ്പും കുറഞ്ഞെങ്കിലും, മുനിസിപ്പാലിറ്റി വക വഴികൾ ടാർ ചെയ്തെങ്കിലും ഇടവഴികൾ റോഡായെങ്കിലും അതിന്റെ ഓരം ചേർന്നു നടക്കുമ്പോൾ....

വെള്ളം വറ്റിയതെങ്കിലും തോട്ടിറമ്പിലൂടെ നടക്കുമ്പോൾ, കനാൽ വെള്ളത്തിൽ കുളിക്കുമ്പോൾ....

നാട്ടുകാരോട് മിപ്പറയുമ്പോൾ...

ഓണാഘോഷത്തിനും ക്ലബ് വാർഷികത്തിനും സ്റ്റേജിൽ കയറി ഉച്ചഭാഷിണിയിലൂടെ രു വാക്കു പറയുമ്പോൾ....

ഞാൻ വിളയാലുകാരൻ തന്നെ ആകുന്നു.

പക്ഷെ, ആ സ്വസ്ഥതയിലേക്ക് കഴിഞ്ഞ ദിവസം അവൾ, സലോമി വീും കടന്നു വന്നു.

ഉച്ച ചൂടിന്റെ തളർന്നുള്ള മയക്കത്തിൽ നിന്നും കോളിംഗ് ബെല്ല് കേട്ടുണർന്നു കതക് തുറന്നപ്പോൾ അവിശ്വസനീയമായൊരു മുഖമായിരുന്നു.

സലോമി.

മുപ്പതു വർഷങ്ങൾക്ക് മുമ്പാണ് അവളെ അവസാനമായി കത്.

അവൾക്ക് കുട്ടികളുാകുന്നതും വളരുന്നതും വിവാഹിതരാകുന്നതും, ഭർത്താവിന്റെ മരണവുമെല്ലാം പലരും പറഞ്ഞ് അറിഞ്ഞു കൊിരുന്നു.

ഇപ്പോൾ സ്വസ്ഥയും സന്തോഷവതിയുമായൊരു സ്ത്രീയെ ആണ് പ്രതീക്ഷിച്ചിരുന്നത്.

പക്ഷെ,

കതകിനു മുന്നിൽ, തളർന്ന് അവശയായൊരു സ്ത്രീ. എങ്കിലും മുഖത്തു കരുവാളിപ്പുകൾക്ക് നടുവിൽ പഴയ ആ മുഖത്തിന്റെ ഒരു ഛായ നില നില്കുന്നു്. കണ്ണുകളിൽ വല്ലപ്പോഴുമെങ്കിലും പഴയ പ്രസരിപ്പിന്റെ ബാക്കി തെളിയുന്നു്.

തുടർന്ന് അവൾ പറഞ്ഞ കഥ വളരെ ദയനീയമായിപ്പോയി.

മൂന്നു പെൺമക്കൾ,

മരിച്ചുപോയ, അദ്ധ്വാനിയും സ്നേഹസമ്പന്നനുമായിരുന്ന ഭർത്താവ് സമ്പാദിച്ചതെല്ലാം മക്കൾ കണക്ക് പറഞ്ഞ്, മത്സരിച്ച് വാങ്ങിയെടുത്തു. അമ്മയെ നോക്കേ ഉത്തരവാദിത്വത്തെ കൊ് പന്തു കളിക്കുന്നു.

ഇപ്പോൾ അഭയത്തിനു, തല ചായ്ക്കാൻ ഒരിടത്തിന്....

ഒരുക്കി കൊടുത്തു, എല്ലാ ബാദ്ധ്യതകളും ഏറ്റെടുത്തുകൊ് ഒരനാഥാലയത്തിൽ.......

രാജു പോൾ വിളയാൽ എന്ന എക്സിക്യുട്ടീവ് തന്റെ കമ്പനിക്കു വേി ഒരു വമ്പൻ ഓർഡർ ശരിയാക്കിക്കൊടുത്തതിന്റെ അമിതമായ സന്തോഷത്തിൽ തന്റെ ക്യാബിനിൽ ഏസി ഓഫ് ചെയ്തു, പുറത്തേക്കുള്ള വാതയനം മലർക്കെ തുറന്നിട്ട് ഒരു ലാർജിൽ ഐസ് ക്യൂബുകൾ നിറച്ചു വച്ച്....

സിഗററ്റ് കൊളുത്തി....

തന്റെ മാത്രഭാഷയിലെ വാചകങ്ങൾ വായിക്കാനുള്ള മോഹത്തിൽ തുറന്നതായിരുന്നു ബ്ലോഗന. വായിച്ചു തുടങ്ങിയപ്പോൾ തൻെറ പേരിനോടു ചേർന്നുള്ള വിളയാൽ എന്ന നാമം കപ്പോഴാണ് ഉടമസ്ഥനെ തെരഞ്ഞത്.

അപ്പച്ചൻ.....

അവൻ അപ്പച്ചന്റെ ബ്ലോഗന വായിച്ചു.

പിന്നെ സിഗററ്റ് വലിച്ചില്ല, ഒഴിച്ചു വച്ച മദ്യംകഴിച്ചില്ല. തുടരെ, തുടരെ ഫോൺ ചെയ്യുകയാണുായത്.

ഭാര്യയെ,

ദൂബായിലുള്ള സഹോദരിയെ,

നാട്ടിലെ ബന്ധുക്കളെ, സുഹൃത്തുക്കളെ....

സുഹൃത്തുക്കളോ, നട്ടപ്പാതിരക്ക് ഗാഢ നിദ്രയിലായിരന്നതു കൊ് ആരും ഫോൺ എടുത്തു പോലുമില്ല.

എന്നിട്ടും അവൻ പിന്നീടു ഒരു ജോലിയും ചെയ്യാതെ, ചെയ്യാനാകാതെ വെറുതെ ഫോൺ ചെയ്തു കൊിരുന്നു. ആരു എടുത്തില്ലെങ്കിലും അവനതിൽ വിഷമം തോന്നിയില്ല.

നേരം പരപരാ വെളുത്തപ്പോൾ അപ്പച്ചന്റെ ഫോൺ നമ്പറിൽ...

അവൻ കമ്പ്യൂട്ടർ സ്ക്രീനിനു മുമ്പിൽ ഇരുന്നു, ഡിജിറ്റൽ ക്യാമറ ഓൺ ചെയ്തു, സ്പീക്കർ ചെവിയിൽ ചേർത്തു, ഫോൺ നെറ്റുമായി കണക്റ്റ് ചെയ്തു.

അവന്റെ അപ്പച്ചൻ ഉണർന്നു വരുന്നതേ ഉായിരുന്നുള്ളു.

‘‘ എന്നാടാ രാവിലെ......’’

‘‘ ഒന്നുമില്ലപ്പച്ചാ... ഞങ്ങൾ ഉടൻ നാട്ടിൽ വരുന്നു. രഞ്ജുവുമു്, ഡേറ്റ് പിന്നീടു അറിയിക്കാം....’’

‘‘ എന്നാ മോനേ ഇത്ര തെരക്കായിട്ട്....’’

‘‘ ഈ വെക്കേഷന് അവിടെ എല്ലാരുമൊത്തൊരു ആഘോഷം....’’

അയാൾ, പൗലോ തുള്ളിച്ചാടി, വളരെ നാളുകൾക്ക ശേഷം ഉാകുന്ന ഒരു ഒത്തുകൂടൽ. ഒടുവിൽ ഒത്തുകൂടിയത് രഞ്ജുവിന്റെ വിവാഹത്തിനായിരുന്നു. ഇപ്പോൾ അവളുടെ മകനു മൂന്നു വയസ്സു കഴിഞ്ഞിരിക്കുന്നു.

പൗലൊ ധൃതിയിലായി,

വീടിനു ചെയ്യേിയിരുന്ന അറ്റകുറ്റ പണികൾ ചെയ്തു, പെയിന്റടിച്ചു, ചുറ്റുമുള്ള പുല്ല് ചെത്തി വൃത്തിയാക്കി, മുറ്റത്ത് വിരിച്ചിരുന്ന ബേബി മെറ്റലിനെ തോല്പിച്ചു മുന്നേറിയിരുന്ന കളകളെ കൊന്നൊടുക്കി.....

ദിവസങ്ങൾ അടുത്തപ്പോൾ പല ബന്ധുക്കളും, മകന്റെ സ്നേഹിതരും ഒരുക്കങ്ങൾ കാണാൻ വന്നും പോയുമിരുന്നു. ഒരു ബന്ധു, കുടുംബ സമേതം കാര്യങ്ങൾ നോക്കാൻ വീട്ടിൽ വന്നു നിന്നു.

സ്ഥിരമായൊരു വേലക്കാരിയെ വച്ചു.

ഈറനാർന്ന ആ ദിവസം പിറന്നു. മകൻ അറിയിച്ചതനുസരിച്ച് നൂറു പേർക്കുള്ള ഭക്ഷണവുമായിട്ട് കാറ്ററിംഗ് കാരെത്തി. വിളമ്പിക്കൊടുക്കാൻ മൂന്നു പേർ യൂണിഫോമിട്ടു നിന്നു.

മദ്ധ്യാഹ്നത്തോടടുത്തപ്പോൾ ഗെയിറ്റ കടന്നു നിരനിരയായി നാലഞ്ചു വാഹനങ്ങൾ വന്നെത്തി.

മുന്നിൽ എത്തിയ കാർ പോർട്ടിക്കോയിൽ കയറ്റി നിർത്തി. അതിൽ നിന്നും മകനും ഭാര്യയുമാണ് ഇറങ്ങിയത്. രാമത്തെ കാറിലായിരുന്നു മകൾ.

മകൾ ഇറങ്ങി വന്ന് മുന്നിലെ കാറിന്റെ പിറകിലെ ഡോർ തുറന്നു കൊടുത്തു,

അവൾ, സലോമി....

പൗലോയുടെ ഹൃദയ താളം ഒരു നിമിഷം നിലച്ചതുപോലെ....

സിറ്റൗട്ടിന്റെ ശീതളിമയിലും അയാൾക്ക് ലേശം വിയർപ്പ്....

മകനു പിറകിൽ, മകൾക്കു പിറകിൽ സലോമി സിറ്റൗട്ടിൽ കയറി.

“എല്ലാ ബാദ്ധ്യതകളും ഏറ്റെടുത്തു കൊ് ഈ അമ്മച്ചിയെ അനാഥാലയത്തിൽ നിന്നും ഞങ്ങൾ ഇങ്ങോട്ടു കൂട്ടി കൊു വന്നു, അപ്പച്ചന് കൂട്ടായിട്ട്...”

മുറ്റത്തും ഗെയിറ്റിനു വെളിയിലും നിർത്തിയിരുന്ന കാറിൽ നിന്നെല്ലാം ബന്ധുക്കളും സുഹൃത്തുക്കളും ഇറങ്ങി വീട്ടിലേക്ക് വന്നു.

പൗലോ വലതു കൈ തുറന്നു മലർത്തി പിടിച്ചതിൽ സലോമി വലതു കരം ചേർത്തു വച്ചു.

@@@@@@

വിജയകുമാർ കളരിക്കൽ,
മാതിരപ്പിള്ളി,
കോതമംഗലം - 686691.
ഫോൺ : 9847946780.